DEMANDS FOR SUPPLEMENTARY GRANTS.

DEMAND II—MEDICAL.

Vaidyasastrakusala Dr. (Mrs.) M. Poonen Lukose (*Surgeon General*) : Sir, I beg to move for a supplementary grant not exceeding Rs. 3,956- under Demand II—Medical, for the maintenance of the electrical installation in the Leper Colony, Nooranad.

Mr. Padiyara Joseph Kunju : നൂറനാട്ട് ഇലക്ട്രിക്ക് ഇൻസ്റ്റലേഷൻ ഏർപ്പെടുത്തണമെന്ന് നിശ്ചയിച്ചത് എപ്പോഴാണ്?

Vaidyasastra Kusala Dr. (Mrs.) M. Poonen Lukose : കഴിഞ്ഞ മേടമാസത്തിലാണ് ഇൻസ്റ്റലേഷൻ ഏർപ്പെടുത്തിയത്.

Mr. Padiyara Joseph Kunju : അതിനുശേഷമാണ് കർക്കടകം ബഡ്ജറ്റുസെഷൻ നടന്നത് എന്നുള്ള വിവരം അറിയാമോ?

Vaidyasastra Kusala Dr. (Mrs.) M. Poonen Lukose : അറിയാം.

Mr. Padiyara Joseph Kunju : ബഡ്ജറ്റു സെഷനിൽ ഈ തുക ആവശ്യമാണെന്നുള്ള ധനാഭ്യർത്ഥന കൊണ്ടു വരാത്തത് എന്തു കൊണ്ടാണ്?

Vaidyasastra Kusala Dr. (Mrs.) M. Poonen Lukose : മേടമാസത്തിലാണ് ഇലക്ട്രിക്ക് ഇൻസ്റ്റലേഷനെപ്പറ്റിയുള്ള എസ്റ്റിമേറ്റ് കിട്ടിയത്. അതിനു മുമ്പ് മെഡിക്കൽ ഡിപ്പാർട്ടുമെൻറിലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ഗവണ്മെൻറിലേക്കു അയച്ചു പോയതിനാലാണ് ഈ തുക അപ്പോൾ ആവശ്യപ്പെടാൻ സാധിക്കാതെ പോയത്.

Mr. Padiyara Joseph Kunju : കർക്കടകത്തിനുമുമ്പ് ബഡ്ജറ്റു എസ്റ്റിമേറ്റു കിട്ടിയാൽ പോരേ?

Vaidyasastra Kusala Dr. (Mrs.) M. Poonen Lukose : കർക്കടകത്തിനുമുമ്പ് കിട്ടിയാൽ പോരാ. ഓരോ ഡിപ്പാർട്ടുമെൻറിലേക്കും ആവശ്യമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റു ഗവണ്മെൻറിലേക്ക് അയക്കുന്നതിനുമുമ്പ കിട്ടിയാൽ മാത്രമേ അപ്പോൾ ആ തുക ആവശ്യപ്പെടാൻ സാധിക്കുകയുള്ളൂ.

Mr. Padiyara Joseph Kunju : ഓരോ ഡിപ്പാർട്ടുമെൻറിൽ നിന്നും സാധാരണയായി ഏതു മാസത്തിലാണ് ബഡ്ജറ്റു എസ്റ്റിമേറ്റ് ഗവണ്മെൻറിലേക്കു അയച്ചുവരുന്നത്.

Vaidyasastra Kusala Dr. (Mrs.) M. Poonen Lukose : മേടമാസത്തിനുമുമ്പ ബഡ്ജറ്റു എസ്റ്റിമേറ്റ് അയക്കും.

LIBRARY ARCHIVES Kerala Legislative Assembly

Mr. Padiyara Joseph Kunju : മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അപ്പോഴത്തെ നേരത്തെ അയയ്ക്കാൻ കാരണമെന്താണ്?

Vaidyasastra Kusala Dr. (Mrs.) M Poonen Lukose : മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് മീനമാസത്തിൽ അയച്ചു കഴിഞ്ഞു. സാധാരണയായി അയക്കുന്നതു അപ്പോഴാണ്.

Mr. Padiyara Joseph Kunju : ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരിക എന്നുള്ളതു് ഇപ്പോഴത്തെ ഒരു സാധാരണ പതിവായിത്തീർന്നിരിക്കുകയാണ്. അവരുടെ ഉപേക്ഷയൊ നിയമസഭയോടു് അവർക്കുള്ള അവഗണനയൊ അവരുടെ അലസതയൊ കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതു. ഈ ധനാഭ്യർത്ഥന അത്യാവശ്യമായ ഒരു സംഗതിയാണെന്ന് ഞാനും സമ്മതിക്കുന്നു. പക്ഷെ, മുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അലസതമൂലം യഥാകാലം അതായതു ബഡ്ജറ്റു കാലത്തു ഈ ധനാഭ്യർത്ഥന കൊണ്ടുവരാതെ ഇങ്ങനെ ഒരു സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവന്നിരിക്കുന്നതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

The motion was put to the House and carried and the grant made.

DEMAND IV—PUBLIC WORKS DEPARTMENT.

Mr. G. B. E. Truscott (*Chief Engineer*): Sir, I beg to move for a grant not exceeding Rs. 2,20,030 under Demand IV,—Public Works Department, Rs. 2,17,910 for repairing the road between Alwaye and Munnar in connection with the introduction of the transport scheme, and Rs. 2,120 for additions and alterations to the Cantonment Bungalow.

The Demand was put to vote and carried.

The grant was made.

DEMAND VII—EXCISE.

Mr. M. P. Joseph (*Excise Commissioner*) Sir, I beg to move for a supplementary grant not exceeding Rs. 3,845 (Rs.1,345 for the reorganisation of the statistics branch in the Excise Commissioner's office, and Rs. 2,500 for the construction of buildings for holding the office and the Guard posts in the Palkulam Salt Factory) under Demand VII—Excise.

Sir, the reorganisation of the statistics branch in my office was contemplated some time ago. The compilation of statistics for the purpose of trade in general and for the solution of the several

LIBRARY ARCHIVES Kerala Legislative Assembly